"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -എടവിലങ്ങ് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.അമൃത കെ.പി.എൻ-ന് കിലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അനുവദിച്ച അന്യത്ര സേവനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

**G.O.(Rt)No.529/2026/LSGD** തീയതി,തിരുവനന്തപുരം, **28-02-2026**

---

| | | |
|---|---|---|
| പരാമർശം:- | 1 | സർക്കുലർ നം.42/2013/ധന. തീയതി. 10/05/2013 |
| | 2 | സ.ഉ (സാധാ) നം.580/2013/ധന തീയതി 28.11.2013. |
| | 3 | സ.ഉ (സാധാ) നം.574/2023/തസ്വഭവ തീയതി. 08.03.2023. |
| | 4 | സ.ഉ (സാധാ)നം.346/2024/തസ്വഭവ തീയതി 12.02.2024. |
| | 5 | സ.ഉ(സാധാ)നം. 452/2025/തസ്വഭവ തീയതി 13.02.2025 |
| | 6 | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2026- തീയതിയിലെ LSGD/PD/293/2026-DEB4 നമ്പർ കത്ത് |
| | 7 | കില ഡയറക്ടർ ജനറലിന്റെ 14.01.2026,04.02.2026 എന്നീ തീയതികളിലെ 2023/1719/HQ നമ്പർകത്ത് |

**<u>ഉത്തരവ്</u>**

തൃശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. അമൃത. കെ.പി.എൻ-നെ പരാമർശം (3) പ്രകാരം കിലയിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും, പരാമർശം (4), പരാമർശം (5) ഉത്തരവുകൾ പ്രകാരം പ്രസ്തുത അന്യത്രസേവനകാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ശ്രീമതി.അമൃത.കെ.പി.എൻ-ന്റെ അന്യത്ര സേവനകാലാവധി 13.03.2026-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, കിലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ടിയാളുടെ അന്യത്രസേവനം 14.03.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (7) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.ടിയാളുടെ അന്യത്രസേവനം മേൽപ്പറഞ്ഞത് പ്രകാരം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് എതിർപ്പില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശൂർ ജില്ലയിലെ

എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.അമൃത. കെ.പി.എൻ-ന് കെ.എസ്.ആർ ഭാഗം-1 ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1),(2)-ലെ വ്യവസ്ഥകൾക്കും വിധേയമായി 14/03/2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി കിലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**G RAMANATH**

**DEPUTY SECRETARY**

ശ്രീമതി . അമൃത. കെ.പി.എൻ, അക്കൗണ്ടന്റ്, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
ഡയറക്ടർ ജനറൽ, കില, തൃശൂർ.
സെക്രട്ടറി, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്, തൃശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്.എ/ജി&.എസ്.എസ്.എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 28-02-2026 17:24:38